# VIJNANABHAVAN - KOTHAMANGALAM

## SCHOLARSHIP EXAMINATION 2022 - 2023

**Std X** Time : 2 hrs.
17-04-2023 Marks : 100

രജിസ്റ്റർ നമ്പർ
(അക്കത്തിൽ)

രജി. നമ്പർ (അക്ഷരത്തിൽ) ........................................................................................................

ഫൊറോന : ........................................................................................................................

**നിർദ്ദേശങ്ങൾ:-**

1. നിങ്ങളുടെ രജിസ്റ്റർ നമ്പർ മുകളിൽ കാണുന്ന ദീർഘചതുരത്തിൽ അക്കത്തിലും താഴെ അക്ഷരത്തിലും എഴുതുക.
2. നിങ്ങളുടെ പേരോ സ്കൂളിന്റെയോ പള്ളിയുടെയോ പേരോ ഉത്തരക്കടലാസിൽ എഴുതാൻ പാടില്ല.
3. ഉത്തരങ്ങൾ ഈ ചോദ്യക്കടലാസിൽ തന്നെ അവയ്ക്കായി വിട്ടിട്ടുള്ള സ്ഥലങ്ങളിൽ മാത്രം വ്യത്തിയായി എഴുതണം.
4. ഈ ചോദ്യക്കടലാസിനോട് വേറെ കടലാസുകൾ ചേർക്കുകയോ ഇതിലുള്ള കടലാസുകൾ വേർപെടുത്തുകയോ ചെയ്യാൻ പാടില്ല.

**Total Marks**

PTO

**ശരിയായ ഉത്തരത്തിന് ☑ ചിഹ്നം രേഖപ്പെടുത്തുക.** (10 X 1 = 10)

1 ശ്ലീഹന്മാർ സുവിശേഷം പ്രസംഗിച്ച സ്ഥലത്തെക്കുറിച്ചും അവരുടെ രക്തസാക്ഷിത്വത്തെക്കുറിച്ചും വിവരിക്കുന്ന ചരിത്രകാരനാണ്.

☐ ഇഗ്നേഷ്യസ് ☐ എവുസേബിയൂസ് ☐ ജസ്റ്റിൻ

2 "വീട് പണിയുമ്പോൾ ഒരു മുറി ഈശോയ്ക്കായി നീക്കി വയ്ക്കണം. അതു വഴിപോക്കർക്കും ഭവനരഹിതർക്കുമായി തുറന്നിടുകയും വേണം." ഈ ഉദ്ബോധനം നടത്തിയ വിശുദ്ധനാണ്.

☐ വി. ബേസിൽ ☐ വി. ക്രിസ്സോസ്റ്റോം ☐ വി. വിൻസന്റ് ഡിപോൾ

3 "സുവിശേഷ പ്രഘോഷണം ഇന്ന്" എന്ന പ്രബോധന രേഖ പുറപ്പെടുവിച്ച മാർപാപ്പയാണ്.

☐ ജോൺ 23-ാമൻ ☐ പോൾ VI-ാമൻ ☐ ബനഡിക്ട് XVI-ാമൻ

4 കുടുംബപ്രേഷിതത്വത്തിന്റെ മധ്യസ്ഥയാണ്.

☐ വി. മറിയം ത്രേസ്യ ☐ വി. അമ്മ ത്രേസ്യ ☐ വി. എവുപ്രാസ്യാമ്മ

5 ഉത്ഥാനത്തിനുശേഷം പതിനൊന്നു ശിഷ്യന്മാരും ഈശോയുടെ പ്രത്യേക നിർദ്ദേശ പ്രകാരം എവിടേയ്ക്കാണ് പോയത്?

☐ താബോർ മല ☐ ഗലീലിയിലെ മല ☐ ഒലിവു മല

6 ക്രൈസ്തവ കൂട്ടായ്മയിലേക്ക് മറ്റുള്ളവരെ ആനയിക്കുന്ന അജപാലകരാണ്.

☐ മെത്രാന്മാർ ☐ സന്യസ്തർ ☐ പുരോഹിതർ

7 ഇസ്രായേൽക്കാരുടെ മതാത്മക ജീവിതത്തിന്റെ ഹൃദയത്തുടിപ്പുകളാണ്.

☐ സ്തുതിപ്പുകൾ ☐ സങ്കീർത്തനങ്ങൾ ☐ ഉത്ഥാനഗീതം

8 ഈശോ തെരഞ്ഞെടുത്ത പന്ത്രണ്ട് അപ്പസ്തോലന്മാരുടെ സംഘത്തിൽ ഈശോ തന്നെ പ്രാമുഖ്യം കൊടുത്ത വ്യക്തിയാണ്.

☐ ശെമയോൻ പത്രോസ് ☐ യോഹന്നാൻ ശ്ലീഹ ☐ തോമാശ്ലീഹ

9 സീറോ മലബാർ സഭയ്ക്കായി ഒരു ഹയരാർക്കി സ്ഥാപിച്ചു നൽകിയ മാർപാപ്പയാണ്.

☐ 9-ാം പീയൂസ് ☐ 10-ാം പീയൂസ് ☐ 11-ാം പീയൂസ്

10 "പേർഷ്യൻ മുനി" എന്ന അപരനാമത്തിൽ അറിയപ്പെടുന്ന സുറിയാനി സഭാപിതാവാണ്.

☐ മാർ അപ്രേം ☐ അഫ്രഹാത്ത് ☐ തെർത്തുല്യൻ

**ഒറ്റവാക്കിൽ ഉത്തരമെഴുതുക** (10 X 1 = 10)

11 നമ്മുടെ ആരാധനക്രമ ശുശ്രൂഷകളിൽ നിരന്തരം ആവർത്തിക്കപ്പെടുന്ന "സർവ്വാധിപനാം കർത്താവേ" എന്ന കീർത്തനം രചിച്ച സഭാപിതാവ്.

12 സീറോമലബാർ വിശ്വാസികൾക്കായി കാനഡയിൽ സ്ഥാപിതമായ രൂപതയാണ്.

13 ഞായറാഴ്ച പൊതു അവധിയായതും ജോലികളിൽ നിന്നും ഒഴിവ് ലഭിച്ചതുമെല്ലാം ഏതു ചക്രവർത്തിയുടെ കാലത്താണ്?

14 ദൈവരാജ്യത്തിനായി കുഞ്ഞുങ്ങളെ മുദ്രവയ്ക്കുന്ന കർമ്മമായി മാമ്മോദീസായെ കാണുന്ന സഭാപിതാവാണ്.

15 നന്മ ചെയ്തവരെ മഹത്വീകരിക്കുകയും തിന്മ ചെയ്തവരെ ശിക്ഷിക്കുകയും ചെയ്യുന്ന മഹത്വപൂർണ്ണമായ കർമ്മമാണ്.

16 സഭ ഇന്നത്തെ ലോകത്തിൽ മനുഷ്യന്റെ സമഗ്രപുരോഗതിക്കായി യത്നിക്കുന്നത് വിവിധ മാർഗ്ഗങ്ങളിലൂടെയാണ്. ഇതിൽ ഏറ്റവും പ്രാധാന്യമർഹിക്കുന്ന മേഖല ഏതാണ്?

17 വി. സെബസ്ത്യാനോസ് ഏത് ചക്രവർത്തിയുടെ കാലത്താണ് രക്തസാക്ഷിത്വം വരിച്ചത്?

18 ദൈവവചനത്തിന് സാക്ഷ്യം വഹിച്ചതിന്റെ ഫലമായി പാത്മോസ് ദ്വീപിലേക്ക് നാടുകടത്തപ്പെട്ട ശ്ലീഹയാണ്.

19 സുവിശേഷാനുസൃതം ജീവിച്ച ആദിമസഭയിൽ മിഴിവാർന്നുനിന്ന സവിശേഷത എന്താണ്?

20 മെൽബൺ രൂപതയുടെ പുതിയ രൂപതാദ്ധ്യക്ഷൻ ആരാണ്?

**A വിഭാഗത്തോടു ചേരുന്നവ C യിൽ നിന്നും കണ്ടെത്തി B കോളത്തിൽ എഴുതുക.**(10 X1 =10)

| A | B | C |
|---|---|---|
| 21 പൗരസ്ത്യ കാര്യാലയ ഫ്രീഫെക്ട് | ........................................ | സബെല്ലിയൂസ് |
| 22 KCBC പ്രസിഡന്റ് | ........................................ | മാർ ആൻഡ്രൂസ് താഴത്ത് |
| 23 CBCI പ്രസിഡന്റ് | ........................................ | ആർച്ച് ബിഷപ്പ് ക്ളൗദിയോ |
| 24 ധന്യപദവി | ........................................ | മാർ ക്ലീമിസ് കത്തോലിക്കാ ബാവ |
| 25 മല്പാൻ പദവി | ........................................ | സി. മരിയ സെലിൻ |
| 26 'മഹാൻ' | ........................................ | വി. ആഗസ്തീനോസ് |
| 27 രണ്ടാം വത്തിക്കാൻ സൂനഹദോസ് | ........................................ | വി. ബസേലിയോസ് |
| 28 എടുത്തുവായിക്കുക | ........................................ | വി. ഹിപ്പോളിറ്റസ് |
| 29 മൊണാർക്കിയനിസം | ........................................ | വി. ജോൺ 23-ാമൻ പാപ്പ |
| 30 അപ്പസ്തോലിക പാരമ്പര്യം | ........................................ | ഫാ. മൈക്കിൾ കാരിമറ്റം |

**താഴെ കൊടുത്തിരിക്കുന്ന തീയതികളുടെ പ്രാധാന്യം കുറിക്കുക.** (6 X 1 = 6)

31 2022 ജൂൺ 5 മുതൽ 2025 ജൂൺ 8 വരെ

32 2022 മെയ് 15-ന്

33 1964 നവംബർ 28 മുതൽ ഡിസംബർ 6 വരെ

34 1992 ഡിസംബർ 16

35 1599 ജൂൺ 20

36 1946 ജൂലൈ 28

**ദൈവവചനം പൂർത്തിയാക്കുക.** (5 X 2 = 10)

37 “നിങ്ങളിൽ ഓരോ വ്യക്തിയും തന്നെപ്പോലെ ..............................................

..............................................

.............................................. ബഹുമാനിക്കുകയും വേണം” (എഫേ. 5:33).

38 “നിങ്ങൾ ലോകമെങ്ങുംപോയി..............................................

..............................................

.............................................. പ്രസംഗിക്കുവിൻ” (മർക്കോ 16:15).

39 “എന്റെ ഏറ്റവും എളിയ..............................................

..............................................

.............................................. എനിക്ക് തന്നെയാണ് ചെയ്ത് തന്നത്” (മത്താ. 25:40).

40 “ഞാൻ സുവിശേഷം പ്രസംഗിക്കുന്നെങ്കിൽ..............................................

..............................................

.............................................. എന്റെ കടമയാണ്” (1 കോറി 9:16).

41 “ദൈവവചനം ശ്രവിക്കുകയും ..............................................

..............................................

.............................................. അമ്മയും സഹോദരരും’’ (ലൂക്കാ 8:21).

**രണ്ടോ മൂന്നോ വാക്യത്തിൽ ഉത്തരമെഴുതുക.** (5 x 3 = 15)

42 സീറോമലബാർ സഭ ഏത് ആരാധനാക്രമ പാരമ്പര്യത്തിലാണ് ഉൾപ്പെടുന്നത്?

43 മാർത്തോമ്മാ ക്രിസ്ത്യാനികളുടെ ഇടയിലുള്ള ഊട്ടുനേർച്ചകൾ ഏവ? അവയുടെ ആചരണം എങ്ങനെയാണ്?

44 ആരാണ് സഭാപിതാക്കന്മാർ? സഭാപിതാവായി പരിഗണിക്കപ്പെടാൻ വേണ്ട മാനദണ്ഡങ്ങൾ ഏതെല്ലാം?

45 അനുദിന ജീവിതത്തിൽ വിശുദ്ധി അഭ്യസിക്കുന്നതെങ്ങനെയാണ്?

46 മതപീഡനം സഭയെ തളർത്തുകയല്ല വളർത്തുകയാണ് ചെയ്തത് എന്ന് പറയാൻ കാരണമെന്ത്?

**അരപേജിൽ ഉത്തരമെഴുതുക.** (5 x 5 = 25)

47 ദൈവവചനത്തിന്റെ പ്രത്യേകതകൾ ഏതെല്ലാമാണ്?

48 മാർത്തോമ്മാ സ്ലീവായിലുള്ള പ്രതീകങ്ങൾ എന്തൊക്കെ അർത്ഥങ്ങളാണ് സൂചിപ്പിക്കുന്നത്?

49 "ദൈവസ്നേഹത്തിന്റെ ഉരകല്ലാണ് സഹോദര സ്നേഹം." ഇത് നമുക്ക് എങ്ങനെ നടപ്പിലാക്കാൻ സാധിക്കും?

50 സഭയുടെ ജീവകാരുണ്യ പ്രവർത്തനങ്ങൾ എത്തുന്ന മേഖലകൾ ഏതെല്ലാം?

51 വി. ചാവറപിതാവ് ദൈവവചന പ്രഘോഷണം നടത്തിയത് ഏതെല്ലാം രീതികളിലാണ്?

**രണ്ടുപേജിൽ ഉത്തരമെഴുതുക.** (7 x 2 = 14)

52 ആദിമസഭാ സമൂഹം ദൈവവചനം ശ്രവിച്ചും ജീവിച്ചും പ്രഘോഷിച്ചും അപ്പം മുറിക്കൽ ശുശ്രൂഷയിലും വിശ്വാസത്തിലും കൂട്ടായ്മയിലും വളർന്നുവന്നതെങ്ങനെ എന്ന് ഒരു വിവരണം തയ്യാറാക്കുക.

53 സീറോമലബാർ സഭയുടെ പ്രേഷിത സ്വഭാവത്തെക്കുറിച്ച് വിശദീകരിക്കുക.